പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

## വാർത്താവിനിമയ വിഭാഗം

സെപ്തംബർ 03, 2015

## ചൗണ്ഡേശ്വരി സഹകാരി ബാങ്ക് ലിമിറ്റഡ്, ഇച്ചൽ ക്കരഞ്ചി, കോലാപ്പൂർ – ബാങ്കിംഗ് റെഗുലേഷൻ ആക്ട്, 1949 (AACS), സെക്ഷൻ 35A – അനുസരിച്ച് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ

2014 ആഗസ്റ്റ് 28 – ൽ UBD.CO.BSD-I/D07/12.22.044/2014-15 – ൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് കോലാപ്പൂരിൽ, ഇച്ചൽക്കരഞ്ചിയിലെ ചൗണ്ഡേശ്വരി സഹകാരി ബാങ്ക് ലിമിറ്റഡിനെ, 2014 ആഗസ്റ്റ് 30–ന് ബിസിനസ്സ് അവസാനിക്കുന്ന സമയം മുതൽ ആറുമാസക്കാലത്തേയ്ക്ക് 'നിർദ്ദേശങ്ങൾക്ക്' (Directions) വിധേയമാക്കിയിരുന്നു. 2015 ഫെബ്രുവരി 5–ാം തീയതി പുറപ്പെടുവിച്ച വിജ്ഞാപനമനുസരിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശത്തിന്റെ (Direction) പ്രാബല്യം 2015 മാർച്ച് 1 – മുതൽ 2015 ആഗസ്റ്റ് 31 – വരെ വീണ്ടുമൊരു ആറുമാസക്കാലത്തേയ്ക്ക് കൂടി നീട്ടിയിരുന്നു. 2014 ആഗസ്റ്റ് 28 – നും 2015 ഫെബ്രുവരി 5 – നും പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ പ്രവർത്തന വ്യാപ്തി, 2015 ജൂലൈ 31 – ന് ഭേദഗതി വരുത്തി പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം, പുനഃപരിശോധനയ്ക്ക് വിധേയമായി, 2015 സെപ്തംബർ 1 – മുതൽ മൂന്ന് മാസക്കാലത്തേയ്ക്ക്കൂടി നീട്ടിയിരിക്കുന്നു, എന്ന വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. പരാമർശിച്ചിട്ടുള്ള ഉത്തരവിലെ മറ്റുവ്യവസ്ഥകൾക്കും നിബന്ധനകൾക്കും മാറ്റമില്ല. മേൽ കാണിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി 2015 ജൂലൈ 31-ലെ വിജ്ഞാപനത്തിന്റെ ഒരു

കോപ്പി, പൊതുജനങ്ങൾ വായിച്ചറിയാൻ വേണ്ടി ബാങ്കിന്റെ മുമ്പിൽ പതിയ്ക്കേണ്ടതാണ്.

മേൽ കാണിച്ച ഭേദഗതിയെ, സഹകാരി ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയിൽ കാര്യമായ മെച്ചം വന്നിട്ടുണ്ട് എന്ന് റിസർവ് ബാങ്കിന് ബോദ്ധ്യം വന്നുവെന്ന് ധ്വനിപ്പിക്കുന്നതായി ഒരുതരത്തിലും വ്യഖ്യാനിക്കപ്പെടാൻ പാടില്ല.

**അജിത് പ്രസാദ്**

**പ്രസ്സ് റിലീസ് 2015-2016/581** അസിസ്റ്റന്റ് ജനറൽ മനേജർ